(ബി) 2005 ഡിസംബറിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) പഴയ പൈപ്പുകൾ മാറ്റി കാസ്റ്റ് അയൺ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടില്ല.

(ഡി) സി-യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കിളിമാനൂർ മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതി

77 [240] ശ്രീ. എൻ രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ മണ്ഡലത്തിൽ പള്ളിക്കൽ, കരവാരം, നഗരൂർ ശുദ്ധജല വിതരണ പദ്ധതികൾ പൂർണ്ണമായും കമ്മീഷൻ ചെയ്തിട്ടില്ലെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അടങ്കൽ തുക എത്രയാണെന്നും ഇതുവരെ ഓരോ പദ്ധതിക്കും എത്ര തുക ചെലവായെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) പണികൾ ഇപ്പോഴും നടത്തി ബില്ലുകൾ മാറിയെടുത്തുകൊണ്ടിരിക്കുന്നുവെന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കിളിമാനൂർ മണ്ഡലത്തിൽ പള്ളിക്കൽ, കരവാരം, ശുദ്ധജല വിതരണ പദ്ധതികൾ പൂർണ്ണമായും കമ്മീഷൻ ചെയ്തിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാർ സമയബന്ധിതമായി പണി പൂർത്തിയാക്കാത്തതും റോഡ് മുറിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകാത്തതുമാണ് കാലതാമസത്തിന് കാരണം. നഗരൂർ ശുദ്ധജലവിതരണ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി) പള്ളിക്കൽ പദ്ധതിയുടെ അടങ്കൽ തുക 52 ലക്ഷം രൂപയും ചെലവായ തുക 76.61 ലക്ഷം രൂപയുമാണ്. കരവാരം പദ്ധതിയുടെ അടങ്കൽ തുക 110.25 ലക്ഷം രൂപയും ചെലവായ തുക 131.81 ലക്ഷം രൂപയുമാണ്. നഗരൂർ പദ്ധതിയുടെ അടങ്കൽ തുക 18 ലക്ഷം രൂപയും ചെലവായ തുക 30.4 ലക്ഷം രൂപയുമാണ്.

(സി) 2004 ഡിസംബറിനു മുൻപ് പദ്ധതികൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly